**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5418** **21-03-2025 - ൽ മറുപടിയ്ക്ക്**

**കന്നുകാലി പ്രജനന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രത്യേക കന്നുകാലി പ്രജനന നയത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കന്നുകാലി പ്രജനന നയം 2018 ആണ് നിലവിലുള്ളത്. കന്നുകാലി പ്രജനന ബിൽ 2024 നവംബർ 20-ാം തീയതിയിലെ 3696-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2024-ലെ 32-ാം നമ്പർ ആക്ടായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>2018-ലെ പ്രജനന നയം അംഗീകരിച്ച പദ്ധതികൾ പ്രവർത്തികമാക്കുന്നതിലൂടെ സംസ്ഥാനത്തെ പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് വിതരണം ചെയ്യുന്ന ബീജമാത്രകൾ ഉപയോഗിച്ച് മാത്രമേ കന്നുകാലികളിൽ പ്രജനനം നടത്താൻ അനുമതിയുള്ളൂ. കന്നുകാലി പ്രജനന നയം പ്രകാരം വിദേശ ജനുസ്സുകളായ ജേഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ എന്നിവയുടെ പൈതൃകഗുണം 50 ശതമാനമായി നിലനിർത്തുന്നതാണ്. എന്നാൽ നല്ല വിഭവശേഷിയുള്ള ക്ഷീരകർഷകർക്കും വ്യാവസായിക അടിസ്ഥാനത്തിലോ / അർദ്ധ വ്യാവസായിക അടിസ്ഥാനത്തിലോ നടത്തുന്ന ഡയറി ഫാമുകൾക്കും ഉയർന്ന ജനിതക ശേഷിയുള്ള ശുദ്ധ ജനുസ്സിൽപ്പെട്ട ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളുടെ ബീജം ഉപയോഗിക്കാവുന്നതാണ്. |
| (ബി) | പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത നയം എത്രത്തോളം സഹായകമാണ്; വ്യക്തമാക്കുമോ; | (ബി) | ചിട്ടയായ പ്രജനന നയത്തിലൂടെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. 1970 കളിൽ ഒരു പശുവിന്റെ കറവക്കാലത്ത് (305 ദിവസം) ലഭിച്ചുകൊണ്ടിരുന്നത് വെറും 400 കി.ഗ്രാം പാൽ ആയിരുന്നത് 2023 ആകുമ്പോഴേക്കും ഒരു കറവക്കാലത്തെ പാലുൽപ്പാദനം 3885 കി.ഗ്രാം ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **കേരളത്തിൽ 95 ശതമാനത്തിൽ അധികം പശുക്കളും സങ്കരവർഗ്ഗത്തിൽപ്പെട്ടുന്നവയാണ്. 2005 ൽ കേരളത്തിലെ സങ്കരയിനം പശുക്കളുടെ പ്രതിദിന പാലുൽപ്പാദനം 7.16 കി.ഗ്രാം ആയിരുന്നത് 2023 ആയപ്പോഴേക്കും പ്രതിദിന പാലുൽപ്പാദനം 10.77 കി.ഗ്രാം ആയി മാറിയിട്ടുണ്ട് കേരളത്തിൽ കാലാകാലങ്ങളായി പ്രജനന നയം അവലോകനം ചെയ്ത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിവരുന്നതിനാലാണ് ഈ നേട്ടങ്ങൾ നമുക്ക് കൈവരിക്കുവാൻ സാധിച്ചത്.** |
| (സി) | സംസ്ഥാനത്തെ കാലാവസ്ഥാവ്യതിയാനവും വിഭവലഭ്യതയും കണക്കിലെടുത്ത് കന്നുകാലി പ്രജനന നയം കാലോചിതമായി മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | **2018 ലെ കന്നുകാലി പ്രജനന നയത്തിൽ കാലാവസ്ഥാ വ്യതിയാനവും വിഭവലഭ്യതയും കണക്കിലെടുത്ത് പ്രജനന നയം കാലോചിതമായി മെച്ചപ്പെടുത്തിയിട്ടുണ്ട്. കെ.എൽ.ഡി ബോർഡിന്റെ ജീനോമിക് ലബോറട്ടറി ഓസ്ട്രേലിയയിലെ Adelaide University യുമായും, നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായും വെവ്വേറെ നടത്തിയ പഠനങ്ങളിൽ, വിത്തുകാളകളുടെ ജനിതക മൂല്യം കാലാവസ്ഥയും വിഭവലഭ്യതയുംകൂടി കണക്കിലെടുത്താണ് നിർണ്ണയിച്ചിരിക്കുന്നത്.**<br><br>**ഇതു കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച്, തിരുവനന്തപുരവുമായി സഹകരിച്ച് കാലാവസ്ഥാ വ്യതിയാനം മൂലം കന്നുകാലികളിൽ ഉണ്ടാകുന്ന രോഗങ്ങളെ പ്രതിരോധിക്കുവാനുള്ള ഗവേഷണങ്ങളും ആരംഭിച്ചിട്ടുണ്ട്** |

സെക്ഷൻ ഓഫീസർ